# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .176 — 10.12.2012-ൽ മറുപടിക്ക്

## ശ്രീ. ബാഹുലേയന് ഇൻഷ്വറൻസ് ആനുകൂല്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കുലശേഖരപുരം മത്സ്യഗ്രാമത്തിലെ 1322-ാം നമ്പർ അംഗമായിരുന്ന ശ്രീ.ബാഹുലേയൻ മത്സ്യബന്ധനത്തിനിടെ 2.12.2010 ൽ കായംകുളം കായലിൽ മുങ്ങിമരിക്കുകയുണ്ടായി. ടി ആളുടെ ഭാര്യ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ക്ളാപ്പന വില്ലേജിൽ ആലുംപീടിക പ്രയാർ തെക്ക് വിഷ്ണുഭവനത്തിൽ ശ്രീമതി കുഞ്ഞുമോൾ, തങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേക്ക് ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടും ഇൻഷ്വറൻസ് തുക ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ.ബാഹുലേയൻ മത്സ്യബന്ധനത്തിനിടയിൽ മുങ്ങി മരണപ്പെട്ടതിനെ തുടർന്ന് ഇൻഷ്വറൻസ് ധനസഹായത്തിനായി ശ്രീമതി. കുഞ്ഞുമോൾ സമർപ്പിച്ച അപേക്ഷയിൽ ഇൻഷ്വറൻസ് കമ്പനി ഇതുവരെ തീർപ്പ് കൽപ്പിച്ചിട്ടില്ല. അപേക്ഷയിൽ തീർപ്പ് കല്പിച്ച് ധനസഹായം അനുവദിക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനിയോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ശ്രീ. ബാഹുലേയന്റെ കുടുംബത്തിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇൻഷ്വറൻസ് ധനസഹായം ലഭിക്കുന്നതിനായി മത്സ്യബോർഡിൽ നിന്നും ഇൻഷ്വറൻസ് കമ്പനിയുമായി കത്തിടപാടുകൾ നടത്തി വരുന്നുണ്ട്. ധനസഹായം ലഭിക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ട പ്രകാരം ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി പട്ടികയുടെ പകർപ്പ് മത്സ്യബോർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ